# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:972** **11/07/2016-ൽ മറുപടിയ്ക്ക്**

<u>ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് പദ്ധതി</u>

<u>ചോദ്യം</u>
ശ്രീ.എ.എം. ആരിഫ്:

<u>മറുപടി</u>
ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പ് മന്ത്രി):

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിന്റെ ഭാഗമായി ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് എന്ന പദ്ധതി 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യം കേട് കൂടാതെ സംഭരിച്ച് വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയക്കുന്നതിനും, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനും, അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി പ്രതിദിനം 60 ടൺ സംസ്കരണ ശേഷിയോടു കൂടിയ ആധുനിക രീതിയിലുള്ള ഐസ് & ഫ്രീസിംഗ് പ്ലാന്റ് കൊല്ലം ജില്ലയിലെ ശക്തികുളങ്ങര കേന്ദ്രീകരിച്ച് സ്ഥാപിക്കുന്നതിന് 2013-14 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. |
| ബി) | എങ്കിൽ ഇതുവരെ പദ്ധതിയുടെ പ്രവർത്തനം നടത്താൻ കഴിയാതിരുന്നത് എന്തുകൊണ്ടായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; | ബി) | 90% നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് ധനസഹായത്തോടെ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് സബ്സിഡി 40% കുറച്ചതിനാൽ അനുമതി നേടാൻ കഴിഞ്ഞിരുന്നില്ല. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി പ്രോജക്റ്റ് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. |
| ഡി) | ആധുനിക കാലത്തെ ആവശ്യകതയ്ക്കും സാധ്യതയ്ക്കും അനുസൃതമായി ഇത്തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ